(ശ്രീ. കെ. ഇ. ഇസ്മയിൽ) : വൈദ്യുതി ശ്മശാനത്തിന്റെ കാര്യത്തിൽ പെട്ടെന്ന് ഒരു തീരുമാനമെനിക്കു പറയാൻ സാധിക്കുകയില്ല. പക്ഷേ ഭാരതപ്പുഴ സംരക്ഷിക്കേണ്ടതിന് ചെയ്യേണ്ട കാര്യങ്ങളിൽ ഒന്നാണ് മൃതദേഹം സംസ്ക്കരിക്കുന്നതിന് ഒരു വൈദ്യുതി ശ്മശാനത്തിന്റെ പ്രശ്നം. അതുപോലെ മലിനീകരണം തടയേണ്ട കാര്യങ്ങളുണ്ട്; അതിർത്തികൾ കൈയേറുന്നത് തടയാനുള്ള കാര്യങ്ങളുണ്ട്, മണ്ണാലിപ്പിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങളുണ്ട്, ഈ പ്രശ്നങ്ങളെല്ലാം പരിശോധിച്ചുകൊണ്ടും മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച വികാരം കണക്കിലെടുത്തുകൊണ്ടും പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട എല്ലാ പേരുമായിട്ട് കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

IV ക്രമപ്രശ്നം

ജനകീയ പോലീസ് ട്രെയിനിംഗ് സ്കീമിനെപ്പറ്റി നടത്തിയ പ്രസ്താവന സംബന്ധിച്ച്

ശ്രീ. കെ. എം. മാണി : സർ, വേളി യൂത്ത് ഹോസ്റ്റലിൽ 6-3-2000 മുതൽ 11-3-2000 വരെ നടത്തുന്നതും ഇന്നലെ ഉദ്ഘാടനം ചെയ്തതുമായ പോലീസ് ട്രെയിനിംഗ്, കമ്മ്യൂണിറ്റി പോലീസ് ട്രെയിനിംഗിനുവേണ്ടിയുള്ളതാണെന്നും അതിന് ജനകീയ പോലീസ് ട്രെയിനിംഗ് പരിപാടിയുമായി ബന്ധമില്ലെന്നും ഡി. ജി. പി. മാരുടെ ഡൽഹിയിൽ വച്ചുനടന്ന യോഗത്തിലെ തീരുമാനപ്രകാരമാണ് ഇതെന്നുമായിരുന്നു ഇന്നലെ മുഖ്യമന്ത്രി അടിയന്തിരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ പറഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയും ശ്രീ. ശിവദാസമേനോൻ ഇന്നലെ ഇവിടെ നടത്തിയ പ്രസ്താവനയും തമ്മിൽ യാതൊരു ബന്ധവുമില്ല. രണ്ടുപേരുടെയും പ്രസ്താവനകൾ തെറ്റിദ്ധാരണയുണ്ടാക്കുന്ന രീതിയിലുള്ളതാണ്.

മി. സ്പീക്കർ : അദ്ദേഹം ഒരു നോട്ടീസ് തന്നു. മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. എം. മാണി : ഇവിടെ വലിയ ഒരു തെറ്റിദ്ധാരണയുള്ളതായി കാണുന്നു. അതുകൊണ്ട് ഒന്ന് ക്ലിയറാക്കാൻവേണ്ടി പറയുകയാണ്. ഇവിടെ ഇപ്പോൾ നടക്കുന്നുവെന്ന് പറയുന്ന ട്രെയിനിംഗ് കമ്മ്യൂണിറ്റി പോലീസ് സ്കീമിനെ സംബന്ധിച്ചിട്ടുള്ള ഒരു ട്രെയിനിംഗ് ആണ്. നേരെമറിച്ച് കേരളാ പീപ്പിൾസ് പോലീസ് സ്കീം അനുസരിച്ചുള്ളതല്ല, ആ സ്കീം എല്ലാപേരുമായിട്ട് ആലോചിച്ചേ ചെയ്യുകയുള്ളൂ.

മി. സ്പീക്കർ : ആ ഡീറ്റെയിൽസെല്ലാം വേണമെന്നില്ല. പ്രസക്തമായ ഭാഗം പറയുക.

ശ്രീ. കെ. എം. മാണി : മുഖ്യമന്ത്രി പറഞ്ഞത് ഇതിലെ പ്രശ്നം എന്താണെന്നു ചോദിച്ചാൽ മുഖ്യമന്ത്രി വളരെ ക്ലിയറായി കഴിഞ്ഞ അസംബ്ലിയിൽ ആവർത്തിച്ച് പറഞ്ഞതാണ്, കേരളാ പീപ്പിൾസ് പോലീസ് സ്കീം ബന്ധപ്പെട്ട എല്ലാപേരുമായി ചർച്ച ചെയ്തിട്ടല്ലാതെ ഈ ഗവൺമെന്റ് നടപ്പിലാക്കുകയില്ല എന്ന്. ആ ട്രെയിനിംഗ് നടക്കുന്നത് ഡി. ജി. പി. യുടെ ഡൽഹിയിൽ ചേർന്ന ഒരു സമ്മേളനത്തിന് ശേഷമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ഇന്നലെ പറഞ്ഞത് ഇതു രണ്ടും രണ്ടാണ്, വേളിയിൽ നടക്കുന്നത് ഒരു കമ്മ്യൂണിറ്റി പോലീസ് സ്കീമനുസരിച്ചുള്ള ട്രെയിനിങ്ങാണ്, അത് പീപ്പിൾസ് പോലീസ് സ്കീമല്ല. രണ്ടും രണ്ടാണെന്ന് അദ്ദേഹം പറയുകയുണ്ടായി. പീപ്പിൾസ് പോലീസ് സ്കീമിന്റെ ഒരു കരട്, എല്ലാം എം. എൽ. എ. മാർക്കും ഇന്നത്തെ കവറിനകത്ത് സപ്ലൈ ചെയ്തിരുന്നു. ആ കരടിൽ രണ്ടാംപേജിൽ രണ്ടാമത്തെ പാരഗ്രാഫിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത് The Kerala People's Policing Scheme is a Community Policing Project എന്നാണ്. ഇതു രണ്ടും ഒന്നാണെന്ന് ഞങ്ങൾക്ക് വിതരണം ചെയ്ത കോപ്പിയിൽ പറയുന്നു. അപ്പോൾ ഇന്നലെ മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും കേരളനിയമസഭയിൽ പറഞ്ഞത് അടിസ്ഥാന രഹിതമായ കാര്യമാണ്, തെറ്റാണ്, ഈ നിയമസഭയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ് വേളിയിൽ നടക്കുന്നത്. പീപ്പിൾസ് പോലീസ് സ്കീം അനുസരിച്ചുള്ള ട്രെയിനിംഗാണ്. അത് ഈ നിയമസഭയ്ക്ക് നൽകിയ ഉറപ്പിന്റെ ലംഘനമാണ്. ഞങ്ങളോട് ആലോചിക്കാതെ പീപ്പിൾസ് പോലീസ് സ്കീം തുടങ്ങുകയില്ല എന്ന് നിയമസഭയിൽ പറഞ്ഞതിന് വിരുദ്ധമായി അതിന്റെ ട്രെയിനിംഗ് വേളിയിൽ ആരംഭിച്ചിരിക്കുന്നു എന്നുള്ളതിന് തെളിവാണ് ഈ സർക്കുലേറ്റു ചെയ്ത ഈ രേഖയിൽ കാണിക്കുന്നത്. ഇതു തെറ്റാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു പറയാനുള്ളത് ആ ട്രെയിനിംഗ് നിറുത്തി വയ്ക്കണമെന്നാണ്. വേളി യൂത്ത് ഹോസ്റ്റലിൽ നടക്കുന്ന ട്രെയിനിംഗ് നിറുത്തി വയ്ക്കണം. കേരള പീപ്പിൾസ് പോലീസ് സ്കീം പിൻവലിക്കണം. വളരെ അപകടകരമായ ഈ രേഖകൾ ഞാൻ വായിച്ചു നോക്കി. വളരെ അപകടകരമായ ലാ ആന്റ് ഓർഡറിന്റെ പ്രധാനപ്പെട്ട ചുമതലകൾ പീപ്പിൾസ് പോലീസ് സ്കീമിനു കൊടുത്തിരിക്കുന്നു. ഏതു സമയത്ത് വേണമെങ്കിലും, സ്ത്രീകളുള്ളപ്പോൾ പോലും ഏതു വീട്ടിൽ വേണമെങ്കിലും കയറുന്നതിന് അധികാരം കൊടുത്തുകൊണ്ടുള്ള പീപ്പിൾസ് പോലീസ് സ്കീമിന്റെ നടപടി വളരെ അപകടകരമാണ്. ഗവൺമെന്റ് ഇതു പിൻവലിക്കണം. ദയവു ചെയ്ത് നിറുത്തിവയ്ക്കണം. അപകടകരമായ .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

ശ്രീ. കെ. എം. മാണി : അപകടകരമായ ഈ സ്കീം മറച്ചുവച്ചുകൊണ്ട് കമ്മ്യൂണിറ്റി പോലീസിംഗ് ആണെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അപകടകരമായ പീപ്പിൾസ് പോലീസിംഗ് സ്കീം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ ഈ നീക്കം അങ്ങ് അവസാനിപ്പിക്കണം.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

ശ്രീ. കെ. എം. മാണി : സർ, ഞാൻ പറഞ്ഞു കഴിയട്ടെ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സർ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, ഇന്നലെ അപകടത്തിലാക്കിയത് ശ്രീ. ശിവദാസമേനോനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന് ഒരു സപ്ലിമെന്ററി പറഞ്ഞ് അപകടത്തിലാക്കിയ അങ്ങ് ഇന്ന് കൂടുതൽ അപകടത്തിലാക്കരുത്. ഇന്നലെ നിയമസഭയിൽ ഞങ്ങളെ കളിപ്പിച്ചുകൊണ്ട് ഈ സ്കീം നടപ്പിലാക്കാൻ .....

മി. സ്പീക്കർ : അങ്ങ് പറഞ്ഞ് അവസാനിപ്പിക്കുക .....

ശ്രീ. കെ. എം. മാണി : ഈ സ്കീം നടപ്പിലാക്കാൻ ശ്രമിക്കുകയാണെങ്കിൽ ഇപ്രകാരമുള്ള ഒരു സ്കീം ഇവിടെ നടപ്പിലാകാൻ പോകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്യം എന്തെന്നു പറയണം. ഇന്നലത്തെ അദ്ദേഹത്തിന്റെ പ്രസ്താവന പിൻവലിക്കണം. സഭയോട് മാപ്പു പറയണം. ഇന്നലെ തെറ്റായ പ്രസ്താവന നടത്തിയതിന് മുഖ്യമന്ത്രിയും ശ്രീ. ശിവദാസമേനോനും മാപ്പ് പറയണം. ഇന്നലത്തെ പ്രസ്താവന പിൻവലിക്കണം. സത്യം ഈ നിയമസഭയിൽ മറച്ചുവയ്ക്കരുത്.

മി. സ്പീക്കർ : അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം. ഒരേ കാര്യം എത്ര നേരമായി പറയുന്നു.

ശ്രീ. കെ. എം. മാണി : ഇന്നലെ പറഞ്ഞ പ്രസ്താവനയ്ക്ക് വിപരീത മാണ് ഈ രേഖകൾ. ദയവുചെയ്ത് ഗവൺമെന്റിന്റെ വിശദീകരണം ഞങ്ങൾ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി..... അങ്ങയുടെ ക്രമപ്രശ്നം എന്താണ് ?

ശ്രീ. ശിവദാസമേനോൻ : സർ, ഏതായാലും ബഹുമാനപ്പെട്ട മാണി .....

മി. സ്പീക്കർ : അദ്ദേഹത്തിന് ക്രമപ്രശ്നമുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, എന്റെ പേര് പറഞ്ഞ് ശ്രീ. ശിവദാസമേനോൻ മാപ്പു പറയണമെന്നാണ് പറഞ്ഞത്. മാപ്പ് പറയണ്ടേ ? മാപ്പു പറയണമല്ലോ. അതു ഞാൻ പറയണോ ശ്രീ. മാണി പറയണോ എന്നുള്ളത് ഇപ്പോൾ തീരുമാനിക്കാം. എനിക്ക് പറയാതിരിക്കാൻ പറ്റില്ലല്ലോ മാപ്പു പറയണമെന്നു പറഞ്ഞതുകൊണ്ട് .....(ബഹളം) .....

മി. സ്പീക്കർ : അദ്ദേഹം ക്രമപ്രശ്നം ചോദിച്ചു. അതുകൊണ്ടാണ് അനുവദിച്ചത്.

ശ്രീ. ടി. ശിവദാസമേനോൻ : പോയിന്റ് ഓഫ് ഓർഡറല്ല. മാപ്പ് പറയണമെന്ന് പറഞ്ഞു ..... (ബഹളം) ..... സർ, അങ്ങ് അനുവദിച്ചിട്ടാണ് ഞാൻ നിൽക്കുന്നത്. എന്നെ സംസാരിക്കാൻ അനുവദിക്കണം.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് ക്രമപ്രശ്നമെന്നാണ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട മാണി, ഞാൻ സഭയെ തെറ്റിദ്ധരിപ്പിച്ചതാണ് ഇങ്ങനെ കുഴപ്പത്തിലാക്കിയത് എന്നു പറഞ്ഞു. അതൊക്കെ പറഞ്ഞ സമയത്ത് ഞാൻ ശാന്തമായി കേട്ടിരുന്നു. ഞാൻ ഡിസ്റ്റർബ് ചെയ്തില്ല. ഇപ്പോൾ ഞാൻ പറയുന്നതും ശാന്തരായി കേൾക്കണം. സർ, കമ്മ്യൂണിറ്റി പോലീസിംഗ്, പീപ്പിൾസ് പോലീസിംഗ് ഇതു രണ്ടും ഒന്നാണെന്നാണ് ബഹുമാനപ്പെട്ട മാണി പറഞ്ഞത്.....(ബഹളം) ..... ഞാൻ ഒന്നു പറഞ്ഞോട്ടെ. ഒന്നു പറയാൻ സമ്മതിക്കൂ. കമ്മ്യൂണിറ്റി പോലീസിംഗ് ഇത് രണ്ടും ഒന്നാണെന്ന് ശ്രീ. മാണി പറഞ്ഞു. എന്റെ കയ്യിൽ രേഖയുണ്ട്. Community policing is a concept ഒരു ആശയമാണ്. ലോകത്ത് പല സ്ഥലങ്ങളിലുമുള്ളതാണ്, കമ്മ്യൂണിറ്റി പോലീസിംഗ്. കമ്മ്യൂണിറ്റി പോലീസിംഗ് എന്നുള്ളത് ഇപ്പോൾ വന്ന ആശയമല്ല. 1994-ൽ ..... ഞാൻ മേശപ്പുറത്തു വയ്ക്കാം.....1994-ൽ വന്ന ..... (ബഹളം) ..... (ബഹളം) ..... ഞാൻ പറയട്ടെ..... (ബഹളം).....ഞാൻ പറയട്ടെ ..... ഷൗട്ട് ചെയ്ത് ഇരുത്തണ്ട ..... മാണി പറഞ്ഞു. ഞാനും പറയട്ടെ.....

മി. സ്പീക്കർ : കഴിഞ്ഞു, കഴിഞ്ഞു... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. ടി. ശിവദാസമേനോൻ : I am being paralysed in the House. So I have to reply (ബഹളം)..... 1994-ൽ (ബഹളം) ..... ഉള്ളതു പറയുമ്പോൾ ബേജാറാകേണ്ട.... കമ്മ്യൂണിറ്റി പോലീസിംഗും.....

ശ്രീ. ആര്യാടൻ മുഹമ്മദ് : പോയിന്റ് ഓഫ് ഓർഡർ ഇതാണോ.....

ശ്രീ. ടി. ശിവദാസമേനോൻ : ബഹുമാനപ്പെട്ട മാണിയെ രക്ഷിക്കാൻ ശ്രീ ആര്യാടനു മാത്രമേ കഴിയൂ.... (ബഹളം)..... മാപ്പു പറയാൻ പറഞ്ഞാൽ വിശദീകരിക്കണ്ടേ..... ബഹളം കൂട്ടുന്നത് എന്തിനാണ് ..... (ബഹളം) .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അങ്ങേയ്ക്ക് പറയാനുള്ളത് ചെയറിനോട് പറയുക. Not interfere. ഇന്റർഫിയർ ചെയ്യാതിരുന്നാൽ അദ്ദേഹം പറഞ്ഞു തീർക്കും. ഇല്ലെങ്കിൽ നീണ്ടു പോകും. ചെയറിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഒരു കാര്യം പറയാം. ഇന്നത്തെ സബ്മിഷനും ഞാൻ മാറ്റിവയ്ക്കാൻ പോകുകയാണ്. ഇതാണെങ്കിൽ പറ്റില്ല. ഞാൻ അനുവദിച്ചു. പറഞ്ഞു പെട്ടെന്ന് അവസാനിപ്പിക്കൂ. എത്ര നേരമായി....

ശ്രീ. ടി. ശിവദാസമേനോൻ : സി. ബി. ഐ. ബുള്ളറ്റിൻ ഞാൻ ആണ് ഉദ്ധരിക്കുന്നത്. എന്താണ് കമ്മ്യൂണിറ്റി പോലീസ്.....

ശ്രീ. കെ. എം. മാണി : സ്റ്റഡിക്ലാസ് വേണ്ട.

ശ്രീ. ടി. ശിവദാസമേനോൻ : (ബഹളം) ..... എനിക്ക് ഇഷ്ടമുള്ള കാര്യം പറയും. ഇതു സ്റ്റഡി ക്ലാസോ, സ്റ്റഡി ക്ലാസാണോ.... നിങ്ങൾ പറഞ്ഞാൽ എനിക്ക് കേൾക്കേണ്ട കാര്യമില്ല. അദ്ദേഹം പറയുന്ന മാതിരി എനിക്കു പറയാൻ കഴിയുമോ ? എന്റെ ശൈലിയിൽ ഞാൻ പറയും. സ്റ്റഡി ക്ലാസായി മാണിക്കു തോന്നിയാൽ ഞാൻ എന്തുചെയ്യും...What you want, excuse me, I cannot give you.

ശ്രീ. ടി. എം. ജേക്കബ് : സർ, ...(ബഹളം) ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങു പറയുക. അങ്ങേക്കു പറയാനുള്ള കാര്യം പറയാം. നമുക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ചിട്ട് ബിസിനസിലേക്കു പോകണം. അങ്ങു പറഞ്ഞു തീർക്കണം.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ ഒരു വാചകമേ പറയുന്നുള്ളൂ. അതിന് സമ്മതിക്കണ്ടേ. ഞാൻ പറഞ്ഞിട്ട് മുഖ്യമന്ത്രി പറയും ..... കമ്മ്യൂണിറ്റി പോലീസിംഗ് എന്നുപറയുന്നത് ഒരു കൺസെപ്റ്റാണ്. അത് ഇന്നും ഇന്നലെയുമുണ്ടായ കൺസെപ്റ്റല്ല. ആ കൺസെപ്റ്റ് 1994-ലെ സി. ബി. ഐ. ബുള്ളറ്റിൻ ഞാൻ മേശപ്പുറത്തുവയ്ക്കാം. കമ്മ്യൂണിറ്റി പോലീസിംഗ് ഒരു കൺസെപ്റ്റാണെങ്കിൽ പീപ്പിൾസ് പോലീസ് സ്കീം ഒരു പ്രോജക്ടാണ്. കമ്മ്യൂണിറ്റി പോലീസ് സ്കീം നടപ്പിലാക്കാൻ കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ എങ്ങനെ കഴിയും നടപ്പിലാക്കണമോയെന്നുള്ളത് സംബന്ധിച്ചുള്ള ഒരു കരട് പ്രോജക്ടാണ്. This is a concept. ലോകത്തിൽ കമ്മ്യൂണിറ്റി പോലീസിംഗ് എന്നുള്ള ഒരു സങ്കൽപ്പമുണ്ട്. അതായത് പോലീസുകാരെ ജനങ്ങളുമായി സഹകരിപ്പിക്കാൻ, ഇത് ഞങ്ങളുടെ ആശയമല്ല. പീപ്പിൾസ് പോലീസിംഗ് ഈ കൺസെപ്റ്റിന്റെ ഒരു പ്രോജക്ടാണ്. ഇത് ഒരു ഇന്റർനാഷണൽ കൺസെപ്റ്റാണ്. ആ കൺസെപ്റ്റ് കേരളത്തിൽ എങ്ങനെ നടപ്പിലാക്കണമെന്നുള്ളതിന്റെ ഒരു ഡ്രാഫ്റ്റ് പദ്ധതിയാണിത്. ഇത് വായിച്ച് നിങ്ങളുടെ അഭിപ്രായം പറയണം. അല്ലാതെ ഞങ്ങൾ നടപ്പിലാക്കിയിട്ടുമില്ല. ഇന്നലെ നടന്നത് ഈ കൺസെപ്റ്റിനെ സംബന്ധിച്ചുള്ള ക്ലാസാണ്. ഈ പദ്ധതിയെപ്പറ്റിയുള്ള ക്ലാസല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഈ ബഹളം തീരട്ടെ.

മി. സ്പീക്കർ : മുഖ്യമന്ത്രി എഴുന്നേറ്റാൽ മതി. അദ്ദേഹം മറുപടി പറയട്ടെ. ആദ്യം മുഖ്യമന്ത്രിയുടെ മറുപടി കേൾക്കാനാണ് ഇരുന്നത്. അപ്പോഴാണ് ഈ പ്രശ്നം വന്നത്.

ശ്രീ. ഇ. കെ. നായനാർ : പിന്നെ അവർ പറയട്ടെ.....(ബഹളം) ....

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു വകുപ്പിന്റെ കാര്യം ഇവിടെ ഉന്നയിച്ചപ്പോൾ ആ വകുപ്പുമന്ത്രി ഈ സഭയിലിരിക്കെ അദ്ദേഹത്തിന്റെ അനുവാദം കൂടാതെ മറ്റൊരു മന്ത്രിക്ക് ഇതിന്റെ മെരിറ്റിനെക്കുറിച്ച് എക്സ്പ്ലെയിൻ ചെയ്യാൻ കഴിയുമോ ? അത് ഓർഡറിലാണോ ?

മി. സ്പീക്കർ : മറുപടി പറയുന്നത് മുഖ്യമന്ത്രിയാണ്. അദ്ദേഹം മറുപടി പറഞ്ഞുകൊള്ളും.

ശ്രീ. ഇ. കെ. നായനാർ : സർ, ബഹുമാനപ്പെട്ട മാണിക്ക് ഞാൻ മാപ്പു പറയണമെന്ന് .....

മി. സ്പീക്കർ : ഇങ്ങനെ പോയാൽ എല്ലാവർക്കുമാകാം. ആർക്കുമാകാം. ഞാൻ ഒരൊറ്റ സബ്മിഷൻ ഇന്ന് എടുക്കില്ല. എത്ര സമയം വേണമെങ്കിലും തരാം. അങ്ങനെ സമയം പോയി കഴിഞ്ഞാൽ ഞാൻ സബ്മിഷനുകൾ മാറ്റിവയ്ക്കും.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ആര്യാടൻ ഉന്നയിക്കട്ടെ, വളരെ വ്യക്തമായി പറയുകയാണ്. ഇനി ആർക്കെങ്കിലും പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുണ്ടോ ? സബ്മിഷനുകൾ ഞാൻ മാറ്റിവയ്ക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ..... (ബഹളം) .....

മി. സ്പീക്കർ : ഇനി വേറെ ആർക്കെങ്കിലും പറയാനുണ്ടെങ്കിൽ പറയാം. എല്ലാവർക്കും പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. റൂൾ 303 സബ് റൂൾ 4, അതിൽ 6-ൽ പറയുന്നത് (6) to explain his position.

A point of order is not a privilege. It is not a privilege.

ഒരു മന്ത്രിക്ക് അല്ലെങ്കിൽ ഒരു മെംബർക്ക് അദ്ദേഹത്തിന്റെ പൊസിഷൻ എന്താണെന്ന് എക്സ്പ്ലെയിൻ ചെയ്യാൻ റൂൾ 303 അനുസരിച്ച് ഒരിക്കലും പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്യാൻ പാടില്ല. ബഹുമാനപ്പെട്ട ശിവദാസമേനോൻ ഇവിടെ പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തിട്ട് അദ്ദേഹത്തിന്റെ പൊസിഷൻ എക്സ്പ്ലെയിൻ ചെയ്യുകയാണ് ചെയ്തത്. അതിന് വേണ്ടത് പേഴ്സണൽ എക്സ്പ്ലനേഷൻ സ്പീക്കറോട് ചോദിക്കണം. റൂൾസ് ഓഫ് പ്രൊസീഡ്യൂവറിലെ റൂൾ 288 അനുസരിച്ച് പേഴ്സണൽ എക്സ്പ്ലനേഷൻ ചോദിക്കുന്നതിനു പകരം റൂൾ 303 അനുസരിച്ച് അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തിരിക്കുകയാണ്. ആ പോയിന്റ് ഓഫ് ഓർഡർ അദ്ദേഹത്തിന്റെ പൊസിഷൻ ക്ലിയർ ചെയ്യാനാണ്. അത് ഒരിക്കലും ശരിയല്ല. അതുകൊണ്ട് അത് പ്രൊസീഡിംഗ്സിൽ നിന്നും എക്സ്പഞ്ചു ചെയ്യണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ശിവദാസമേനോൻ ഇവിടെ ഒരു ക്രമപ്രശ്നം ചെയറിന്റെ അനുവാദത്തോടുകൂടി ഉന്നയിച്ചത് അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്നുള്ള ശ്രീ. മാണിയുടെ സ്റ്റേറ്റുമെന്റിനെപ്പറ്റിയാണ്. സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്ന് പറഞ്ഞതല്ല, സഭയെ തെറ്റിദ്ധരിപ്പിച്ചിട്ടില്ലെന്ന് സ്ഥാപിക്കാൻ വേണ്ടിയാണ് പറഞ്ഞത്. ആ രൂപത്തിലാണ്. അത് എക്സ്പ്ലനേഷനല്ല, പേഴ്സണൽ എക്സ്പ്ലനേഷൻ വേറെയാണ്. .....(ബഹളം) .....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഏത് റൂൾസാണെങ്കിലും സ്പീക്കറുടെ സമ്മതത്തോടുകൂടി ചെയ്യാം. സ്പീക്കറാണ് അതിന് അനുവദിക്കേണ്ടത്. ബഹുമാനപ്പെട്ട ആര്യാടനല്ല. മനസിലായോ ? സ്പീക്കറുടെ സമ്മതത്തോടുകൂടി ചെയ്യാം. ഇതാണ് ലോകസഭയിൽ നടക്കുന്നത്. സ്പീക്കറുടെ സമ്മതത്തോടുകൂടിയാണ്. ബഹുമാനപ്പെട്ട ആര്യാടന്റെ സമ്മതമല്ല.

ശ്രീ. ഇ. കെ. നായനാർ : സർ, ഇതിലും ഞാൻ പാലാ മാണിക്ക് ഒരു മാപ്പു പറയണമെന്നല്ലേ ?

ശ്രീ. ടി. എം. ജേക്കബ് : സർ, പാലായിലല്ല, ഇവിടെയാണ് മറുപടി പറയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : സർ, ശ്രീ. ജേക്കബിനോട് മറുപടി പറയണ്ട. ഞാൻ ശ്രീ ജേക്കബിനോട് ഒന്നും പറയേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മാണിയോടേ പറയേണ്ട ആവശ്യമുള്ളു. കമ്മ്യൂണിറ്റി പോലീസിംഗ് എന്നുള്ളത് ..... ഇവിടെ ശ്രീ ജേക്കബ് ഒന്നും പറയേണ്ട ആവശ്യമില്ല. ഇന്നലെ ശ്രീ. ജേക്കബ് പറഞ്ഞതിന് ശ്രീ. മാണിക്ക് കുറച്ച് വിഷമം പറ്റി. അതുകൊണ്ട് മാണി ഇന്ന് അടിച്ചതാണ്. ബഹുമാനപ്പെട്ട ജേക്കബ് ഇന്നലെ അടിച്ചതുകൊണ്ട് മാണി ഇന്ന് അടിച്ചതാണ്. ഇന്നലെ ശ്രീ. ജേക്കബിനെ പറഞ്ഞതുകൊണ്ട് തിരിച്ചടിക്കാൻ ബഹുമാനപ്പെട്ട മാണി ശ്രമിച്ചതാണ്. അത് എനിക്കറിയാം. കമ്മ്യൂണിറ്റി പോലീസിംഗ് എന്നുള്ളത് ലോകവ്യാപകമായി പോലീസും ജനങ്ങളും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ഒരു കാഴ്ചപ്പാടാണ്. അതിനെക്കുറിച്ച് ഡി. ജി. പി. മാരുടെ അഖിലേന്ത്യാസമ്മേളനം അംഗീകരിച്ച ഒരു രേഖയെ കുറിച്ചാണ് ഇന്നലെ ഇവിടെ ചർച്ച ചെയ്തത്. ആൾ ഇൻഡ്യ കോൺഫറൻസ് അംഗീകരിച്ചതാണ്. കേരളാ പീപ്പിൾസ് പോലീസ് സ്കീം എന്നുള്ളത് കേരളത്തിൽ തയ്യാറാക്കിയതാണ്. രണ്ടും ഡിഫറന്റാണ്. ഇതിന്റെ കരട് രൂപമാണ് ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതും ഇനി അസംബ്ലിയിൽ ചർച്ച ചെയ്ത് പാസാക്കാൻ പോകുന്നതും. ആ പോലീസ് ട്രെയിനിംഗ് പരിപാടിയിൽ കേരളാ പോലീസ് സ്കീം സിലബസിൽ ഒപ്പിട്ടിട്ടില്ല. ഇനി ബഹുമാനപ്പെട്ട മാണി പറഞ്ഞത് തന്നെയെടുക്കാം. കമ്മ്യൂണിറ്റി പോലീസിംഗ് എന്നുള്ളത് വർഷങ്ങളായി ചർച്ച ചെയ്തുവരുന്ന വിഷയമാണ്. ശ്രീ. മാണി മന്ത്രിയായിരുന്ന കാലത്തും ചർച്ച ചെയ്ത വിഷയമാണ്. ഇവിടെ ഇതിനെക്കുറിച്ച് ചർച്ച നടന്നിട്ടുണ്ട്. കേരളാ പീപ്പിൾസ് പോലീസ് സ്കീം പുതുതായി തയ്യാറാക്കിയതാണ്. രണ്ടും രണ്ടാണ്. ആണും പെണ്ണും എന്നു പറഞ്ഞാൽ രണ്ടാണ്, ഒന്നല്ല.

മി. സ്പീക്കർ : റൂൾ 304, ശ്രീ. പി. കെ. അബ്ദുറബ്ബ് .....(ബഹളം).....

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ ഒരുപാട് കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. ഇന്നലെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഒരു അടിയന്തിര പ്രമേയം അവതരിപ്പിച്ചു. കേരളാ പീപ്പിൾസ് പോലീസിംഗ് സ്കീമുമായി ബന്ധപ്പെട്ട് ഒരു ട്രെയിനിംഗ് കേരളത്തിൽ നടക്കുന്നു. ഞാൻ ചുരുക്കി പറയാം. 21-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രതിപക്ഷ നേതാവിന് കൊടുത്ത ഉറപ്പെന്നുപറയുന്നത് കേരളാ പീപ്പിൾസ് പോലീസിംഗ് സ്കീം എന്നുപറയുന്നത് ആലോചിക്കുന്നതേയുള്ളു. ബന്ധപ്പെട്ട ആളുകളുമായി സംസാരിക്കും. നിങ്ങൾക്ക് അതിന്റെ രേഖകൾ തരും, അതിനുശേഷം മാത്രമേ ഈ സ്കീം നടപ്പിലാക്കുകയുള്ളൂ എന്നാണ്. ഇന്നലെ അതുമായി ബന്ധപ്പെട്ട ഒരു ട്രെയിനിംഗ് കേരളത്തിൽ ആരംഭിച്ചതുകൊണ്ടാണ് വളരെ ആശങ്കയോടുകൂടി ശ്രീ. ജേക്കബ് ഈ സഭയുടെ വികാരം ബോധ്യപ്പെടുത്തുന്നതിനു വേണ്ടി ഒരു അടിയന്തിര പ്രമേയം അവതരിപ്പിച്ചത്. ആ അടിയന്തിര പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ കേരള നിയമസഭയിൽ പറഞ്ഞത്. അവിടെ നടക്കുന്ന ക്യാമ്പ് എന്നു പറയുന്നത് കേരളത്തിലെ കമ്മ്യൂണിറ്റി പോലീസ് എന്നാണ്. അദ്ദേഹത്തിന് ശക്തി പകരാൻ ഇടയ്ക്കിടയ്ക്ക് അദ്ദേഹത്തെ കുഴപ്പിക്കാൻ ഭരണഘടനാ വിദഗ്ദ്ധനായ ശ്രീ. ടി. ശിവദാസമേനോൻ ഇടയ്ക്ക് കയറി പറയും.

ഞങ്ങൾ പറഞ്ഞത് രണ്ടും ഒന്നാണെന്നാണ്. അല്ലെന്നു നിങ്ങൾ പറഞ്ഞു. അങ്ങേയ്ക്ക് ഇംഗ്ലീഷ് അറിയാമല്ലോ അതാവർത്തിക്കാൻ വേണ്ടിയല്ല. The Kerala people's policing scheme is a community policing project. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ് ? ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കെ. എം. മാണി ഉന്നയിച്ചിട്ടുള്ള സംശയത്തിന് ഇപ്പോഴും മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടില്ല. ആണ് വേറെ പെണ്ണു വേറെയെന്ന് ഞങ്ങൾക്കറിയാം. ഞങ്ങളുടെ അച്ഛൻ ആണും അമ്മ പെണ്ണുമാണ്. ഞങ്ങൾക്കറിയാം. അതാരും പറഞ്ഞു തരേണ്ട. ആദ്യം കേരളത്തിലെ മുഖ്യമന്ത്രി നിയമസഭാ നേതാവിന്റെ നിലവാരത്തിലേയ്ക്കുയരണം. ഞങ്ങളുടെ പിതാവിനെക്കാൾ പ്രായമുള്ള അദ്ദേഹത്തെ ഞങ്ങൾ ബഹുമാനിക്കുന്നു. പക്ഷേ അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയായി ഉയരണമെന്ന് ബഹുമാനപുരസരം ഞാൻ അഭ്യർത്ഥിക്കുന്നു. മുഖ്യമന്ത്രിയെന്ന നിലയിൽ മറുപടി പറയണം. കേരളത്തിലെ മുഖ്യമന്ത്രിയാണ്. സാക്ഷര കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ഞങ്ങളുടെ പ്രശ്നമെന്നു പറയുന്നത് കേരളത്തിലെ ജനങ്ങൾ കേരള പീപ്പിൾസ് പൊലീസ് സ്കീമിനെക്കുറിച്ച് ആശങ്കാകുലരാണ്. അത് രാഷ്ട്രീയത്തിന് അപ്പുറത്തുള്ള പ്രശ്നങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട് ഞങ്ങളുമായി ചർച്ച ചെയ്യാമെന്നു പറഞ്ഞു. ഇന്നലെ കവറിൽ ഇതു വരുമ്പോൾ വേളിയിൽ ട്രെയിനിംഗ് നടക്കുന്നു. നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്. നിങ്ങൾക്കു കൂടി വേണ്ടിയിട്ടാണ് ഞങ്ങൾ ഇത് പറയുന്നത്. അതുകൊണ്ട് ഈ സഭയിൽ ..... ഈ ഫ്ളോറിലുള്ള കാതലായ പ്രശ്നം എന്താണ് ? കേരള പീപ്പിൾസ് പോലീസിംഗ് സ്കീം തുടങ്ങിയില്ലെന്ന് മുഖ്യമന്ത്രി പറയുകയും അത് തുടങ്ങിയെന്ന് ഞങ്ങൾ പറയുകയും ചെയ്യുന്ന കാതലായ പ്രശ്നമാണ് ഈ സഭയിൽ നിൽക്കുന്നത്. അതുമായി ബന്ധപ്പെട്ട മറുപടി കേരള മുഖ്യമന്ത്രി ഇപ്പോഴും പറഞ്ഞിട്ടില്ല. കേരള പീപ്പിൾസ് പോലീസ് സ്കീം ആരംഭിച്ചിട്ടില്ലയെന്ന് പറയുന്നു. അത് വീണ്ടും പറയാനുള്ള കാരണം എന്താണ്. ഞങ്ങൾ എം. എൽ. എ. മാർക്ക് ഇന്നലെ രാത്രി കിട്ടിയ കവറിൽ മാത്രമുണ്ടായിരുന്ന ഈ സ്കീം ഗവൺമെന്റ് രേഖ ഞങ്ങൾക്കു കിട്ടുമ്പോൾ ഒരു വാചകംകൂടിയുണ്ട്. A preliminary draft of the scheme which has been prepared is enclosed. I would request you to kindly furnish your comments/suggestions in the matter. Reply may please be furnished to the following address before the end of March 2000. ഇതിന്റെ ട്രെയിനിംഗ് ആരംഭിച്ചിട്ട് ഞങ്ങൾ എന്താ നോക്കുകുത്തികളാണോ ? അവിടെ ട്രെയിനിംഗ് നടക്കുന്നു. പ്രഭാഷണം നടക്കുന്നു ഏതോ ഒരു തുന്നൽക്കാരൻ ക്ലാസ് എടുക്കുന്നുവെന്നാണ് കേട്ടത്. അത് പിന്നീട് ഞങ്ങൾ വേറെ കൊണ്ടുവരാം. അവിടെ ക്ലാസ് നടക്കുന്നു. അങ്ങനെ ക്ലാസ് നടക്കുമ്പോൾ ഞങ്ങളുടെ അഭിപ്രായം എന്തിനാണ്? ഈ ഫ്ളോറിലുള്ള പ്രശ്നം കമ്മ്യൂണിറ്റി പോലീസിംഗ്, കേരളാ പീപ്പിൾസ് പോലീസ് സ്കീമും ഒന്നാണെന്നുള്ള ഞങ്ങളുടെ വാദമല്ല. ആ സത്യം നിലനിൽക്കുന്നു. ഇത് കേരളത്തിലെ ജനങ്ങളുടെ പ്രശ്നമാണ്. അതുകൊണ്ട് ഈ സഭയെ കേരള മുഖ്യമന്ത്രി വീണ്ടും തെറ്റിദ്ധരിപ്പിച്ച്, യാഥാർത്ഥ്യം നിയമസഭയിൽ മറച്ചുവച്ച് ഇപ്പോഴും സത്യം പറയാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[പ്രതിപക്ഷ ഉപനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപസമയത്തിനുശേഷം സഭയിൽ തിരിച്ചു വരികയും ചെയ്തു.]

V സബ്മിഷൻ

(1) ഖാദിതൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, എനിക്ക് വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് കേരളത്തിലെ ഖാദിതൊഴിലാളികൾ നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മയെക്കുറിച്ചാണ്. കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കു മുമ്പ് 30,000 ത്തോളം തൊഴിലാളികൾ ഈ മേഖലയിലുണ്ടായിരുന്നു. ഇന്ന് അത് 15,000 ആയി ചുരുങ്ങിയിരിക്കുകയാണ്. ഇന്ന് ഏകദേശം 346 - ഓളം ഉൽപ്പാദന കേന്ദ്രങ്ങളാണ് മൊത്തം ബോർഡിന്റെ കീഴിലുള്ളത്. അതിൽ 244 എണ്ണം നൂൽനൂൽപ്പ് കേന്ദ്രങ്ങളാണ്. 102 എണ്ണം തുണി നെയ്ത്തു കേന്ദ്രങ്ങളാണ്. ഈ 244 നൂൽനൂൽപ്പ് കേന്ദ്രങ്ങളിലും കൂടി ഉൽപ്പാദിപ്പിക്കുന്ന ഏകദേശം 5 കോടിയോളം രൂപയ്ക്ക് വരുന്ന നൂല് കെട്ടികിടക്കുകയാണ്. കേരളത്തിലുള്ള തുണിനെയ്ത്തു കേന്ദ്രങ്ങളിൽ ആവശ്യമായ കൂലിയില്ലാത്തതുകൊണ്ട് ഈ മേഖലയിൽ തൊഴിലാളികളെ കിട്ടുന്നില്ല. റെഡിമെയ്ഡിന് വാർഫ് ഇല്ലാത്തതുകൊണ്ട് തുണി നെയ്ത്ത് നടക്കാത്ത സ്ഥിതിയാണ്. ഉണ്ടാക്കിയ തുണിതന്നെ കെട്ടിക്കിടക്കുകയാണ്. 1977 വരെ കേരളത്തിലെ ഡിപ്പാർട്ടുമെന്റുകൾക്കാവശ്യമുള്ള കോട്ടണും ബെഡ് ഷീറ്റുകളും മറ്റും മൊത്തമായി ഈ കേന്ദ്രങ്ങളിൽ നിന്നായിരുന്നു വാങ്ങിയിരുന്നത്. 1977-നുശേഷം അത് കെട്ടിക്കിടക്കുകയാണ്. അതുകൊണ്ട് ഇതിനൊരു പരിഹാരം കാണാൻ പഴയമാതിരി ഈ കേന്ദ്രങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കോട്ടണും ഷീറ്റുകളും ആരോഗ്യവകുപ്പ് വാങ്ങുന്നതിനുള്ള നടപടിയുണ്ടാകണം. അതുപോലെ തന്നെ തുണിനെയ്ത്തു തൊഴിലാളികൾക്ക് ഇൻസെന്റീവ് കൊടുക്കാൻ തയ്യാറാകണം. ഇന്ന് 16 രൂപയാണ് കൂലി കിട്ടുന്നത്. അതുകൊണ്ട് അവർക്ക് ചെറിയ ഇൻസെന്റീവ് കൊടുത്തുകൊണ്ട്, ഒന്നരക്കോടി രൂപ വിനിയോഗിച്ചാൽ 15,000 തൊഴിലാളികൾ ഈ മേഖലയിൽ രക്ഷപ്പെടും. ഇന്ന് പല സെന്ററുകളും പൂട്ടിക്കിടക്കുന്നു. അവരുടെ ഉൽപ്പന്നങ്ങൾ സർക്കാർ വകുപ്പുകൾ കാട്ട സിസ്റ്റം വച്ച് ഏറ്റെടുക്കാനും റെഡിമെയ്ഡ് വാർഫുകൾ നൽകാനും കഴിയുന്ന തരത്തിൽ ഇടപെടണമെന്നാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

കേരളത്തിലെ ഖാദി വ്യവസായ ബോർഡിന്റെ കീഴിലുള്ള ഉൽപ്പാദന കേന്ദ്രങ്ങളിൽ ഏകദേശം നാലരക്കോടി രൂപയുടെ നൂൽ കെട്ടിക്കിടക്കുന്നതായി കണക്കാക്കിയിരിക്കുന്നു. പ്രവർത്തന മൂലധനത്തിന്റെ ഒരു വിഭാഗം നൂലായി കെട്ടികിടക്കുന്ന ഈ അവസ്ഥയിൽ നൂൽപ്പ് തൊഴിലാളികൾക്ക് അസംസ്കൃത സാധനങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ വരുന്നു. ഉൽപ്പാദിപ്പിക്കപ്പെടുന്ന നൂലിന്റെ 40 ശതമാനത്തോളം മാത്രമേ തുണിയായി മാറ്റാൻ കഴിയുന്നുള്ളു. നെയ്ത്തുമേഖലയിലെ കൂലി കുറവ് കാരണം ഖാദി നെയ്ത്തിന് തൊഴിലാളികളെ കിട്ടാൻ പ്രയാസം നേരിടുന്നുണ്ട്. പരിശീലനം ലഭിച്ച തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly